(എ) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ചെലവിനുള്ള പണം മാസം പ്രതി ധനകാര്യ വകുപ്പിൽ നിന്ന് അനുവദിക്കാത്തതുമൂലം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ പ്രവർത്തനം സ്തംഭിച്ചിട്ടുണ്ടോ;

(ബി) 2003-2004 വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെ ഓരോ മാസവും പ്രസ്തുത വകുപ്പിന്റെ ചെലവിന് അനുവദിച്ച തുകയും അനുവദിച്ച തീയതിയും വെളിപ്പെടുത്താമോ;

(സി) സമൂഹത്തിൽ ഏറ്റവും പാവപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഈ വകുപ്പുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതിയും വിഭവ ലഭ്യതയും പരിഗണിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും മാസം പ്രതി ചെലവ് പരിധി അനുവദിച്ച് നൽകുന്നതിനാൽ ടി വകുപ്പുകളുടെ പ്രവർത്തനം സ്തംഭിച്ചതായി വിവരമില്ല.

(ബി) വിശദമായ വിവരങ്ങൾ അനുബന്ധ സ്റ്റേറ്റുമെന്റിൽ കണ്ടാലും.†

(സി) സർക്കാർ വകുപ്പുകൾക്ക് പ്രതിമാസ ചെലവ് പരിധി അനുവദിക്കുക എന്ന പൊതു സമ്പ്രദായത്തിൽ നിന്ന് ഒരു പ്രത്യേക വകുപ്പിനെ/വകുപ്പുകളെ സ്ഥിരമായി ഒഴിവാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളെ ട്രഷറി നിയന്ത്രണങ്ങളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കുവാൻ നിർവ്വാഹമില്ല. ട്രഷറി നിയന്ത്രണത്തിന് എല്ലാ മാസവും ഇളവനുവദിക്കാറുണ്ട്.

ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഡി. എ. വർദ്ധനവും

14 [1021] ശ്രീ. ടി. എൻ. പ്രതാപൻ:
„ എം. മുരളി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്ക് ഡി. എ.-യുടെ ഒരു ഭാഗം ശമ്പളത്തിൽ ലയിപ്പിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നപക്ഷം സംസ്ഥാനത്തിലും അത്തരം നടപടി സ്വീകരിക്കുന്നതിനായി കേന്ദ്രത്തിന്റെ സഹായം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

† അനുബന്ധം 3

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇക്കാര്യം വളരെ നേരത്തെ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുമോ;

(ഡി) ശമ്പളപരിഷ്കരണം, ഡി. എ. വർദ്ധന എന്നിവയ്ക്ക് കേന്ദ്രസഹായം കിട്ടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി 12-ാം ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലാത്തപക്ഷം ഇതിനുവേണ്ടി ഒരു അഡീഷണൽ മെമ്മോറാണ്ടം ധനകാര്യ കമ്മീഷന് നൽകുമോ?

ഉത്തരം

(എ) ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 2005-2010 വരെയുള്ള റവന്യൂ ചെലവിന്റെ പ്രവചനത്തിൽ ക്ഷാമബത്താ ചെലവ് ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ശമ്പള പരിഷ്കരണത്തിന്റെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടില്ല.

ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കാൻ നടപടി

15 [1022] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ നിരവധി വകുപ്പുകളിൽ അലോട്ട്മെന്റ് ഇല്ലാത്തതുമൂലം മാറ്റി നൽകാനാവാതെ കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(സി) അടിയന്തിര പ്രാധാന്യമുള്ള ആവശ്യം എന്ന നിലയിൽ മെഡിക്കൽ ബില്ലുകൾ ശമ്പള ഹെഡ്ഡിൽ നിന്നും മാറ്റി നൽകുവാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly